പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.572** 1-12-2015 ൽ മറുപടിക്ക്

**അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്ങ് യൂണിറ്റ്**

| **ചോദ്യം**<br>**ശ്രീ.ബാബു എം. പാലിശ്ശേരി** | **ഉത്തരം**<br>**ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തൃശ്ശൂർ ജില്ലയിലെ അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിങ്ങ് യൂണിറ്റിലെ (എസ്.ഐ.എഫ്.എൽ.) എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം കാലോചിതമായി പരിഷ്കരിച്ച് നൽകുന്നതു സംബന്ധിച്ച ഫയലിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; | (എ) എസ്.ഐ.എഫ്.എല്ലിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ച് വരുന്നു. ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) എന്നാണ് എസ്.ഐ.എഫ്.എൽ-ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ച് നൽകിയത് ; | (ബി) 11-5-2007 ലെ സ.ഉ (എം.എസ്)നം. 61/07/വ്യവ പ്രകാരമാണ് എസ്.ഐ.എഫ്.എല്ലിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം, ഉത്തരവ് തീയതി മുതൽ 5 വർഷത്തേക്ക് പരിഷ്കരിച്ച് നൽകിയത്. |
| (സി) വർഷങ്ങളായി ശമ്പളപരിഷ്കരണം ലഭിച്ചിട്ടില്ല എന്നതു കണക്കിലെടുത്ത് എസ്.ഐ.എഫ്.എൽ.ലെ എക്സിക്യൂട്ടീവ് കേഡറിലുള്ളവരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ? | (സി) എസ്.ഐ.എഫ്.എല്ലിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ